"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കേണ്ടുന്ന വസ്തു നികുതിയുടെ പിഴപലിശ 2023 ജൂൺ 30 വരെ ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.937/2023/LSGD തീയതി,തിരുവനന്തപുരം, 28-04-2023

---

പരാമർശം:-

1. 06.01.2023-ലെ സ. ഉ (സാധാ) നം. 42/2023/തസ്വഭവ ഉത്തരവ്.
2. 22.03.2023-ലെ സ. ഉ (കൈ)നം. 77/2023/തസ്വഭവ ഉത്തരവ്.
3. 28.03.2023-ലെ നം. 15(2)LEG A2/2023/നിയമം വിജ്ഞാപന പ്രകാരം പ്രസിദ്ധപ്പെടുത്തിയ 2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട്.
4. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04.04.2023 ന് കൂടിയ യോഗത്തിന്റെ മിനിറ്റ്സ്.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13.04.2023-ലെ LSGD/PD/20073/2023-REV നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിരുന്നു. വസ്തു നികുതി പരിഷ്കരണത്തിന്റെ മുന്നോടിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അസസ്സ്മെന്റ് രജിസ്റ്ററുകളിലെ അപാകതകൾ പരിഹരിച്ച് പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതായും അവശേഷിക്കുന്ന നികുതി കുടിശ്ശിക പിരിച്ചെടുക്കേണ്ടതായിട്ടുമുണ്ട്. പരാമർശം (4) പ്രകാരം ഊർജ്ജിത കുടിശ്ശിക നികുതി സമാഹരണ യജ്ഞം ഒരു പ്രത്യേക കർമ്മ പരിപാടിയായി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2) പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കേണ്ട വസ്തു നികുതി പിഴപ്പലിശയില്ലാതെ ഒടുക്കുന്നതിനുള്ള കാലാവധി 31.03.2023 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതും പരാമർശം (3) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള കേരള ധനകാര്യ ആക്ടിന്റെ ഭേദഗതിയിൽ തദ്ദേശ സ്ഥാപനങ്ങളിൽ നികുതിയുടെ പിഴപ്പലിശ 1%-ൽ നിന്നും പ്രതിമാസം 2% എന്ന നിരക്കിലേക്ക് 01.04.2023 പ്രാബല്യത്തിൽ വർദ്ധിപ്പിച്ചിട്ടുള്ളതുമാണ്. ഇക്കാരണത്താൽ നികുതി കുടിശ്ശിക ഉള്ളവർക്ക് ഇരട്ടി തുക പിഴയായി ഒടുക്കേ വരുത്തേണ്ട സ്ഥിതി ഉണ്ടായിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഊർജ്ജിത കുടിശ്ശിക നികുതി സമാഹരണ യജ്ഞത്തിന്റെ ഭാഗമായി 2023 മെയ് 31 വരെ ഒറ്റത്തവണയായി കുടിശ്ശിക നികുതി അടയ്ക്കുന്നവർക്ക് പിഴപ്പലിശ ഒഴിവാക്കുന്ന പരാമർശം (1)-ലെ ഉത്തരവിന്റെ പ്രാബല്യം ദീർഘിപ്പിക്കണമെന്ന് പരാമർശം (5) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ

ഡയറക്ടർ ശിപാർശ ചെയ്തിട്ടുമുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഊർജ്ജിത നികുതി പിരിവ് യജ്ഞത്തിന്റെ ഭാഗമായി 2023 ജൂൺ 30 വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടവാക്കേണ്ട വസ്തു നികുതിയുടെ പിഴപലിശ ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. വസ്തു നികുതി പിഴപ്പലിശ ഒഴിവാക്കി നൽകൽ ഇനിയുണ്ടാവുകയില്ല എന്ന സന്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ വ്യാപകമായ പ്രചാരണം നടത്തി 2023 ജൂൺ 30-നകം ഊർജ്ജിത നികുതി പിരിവ് യജ്ഞം പൂർത്തീകരിക്കുന്നതിനുള്ള ഫലപ്രദമായ നിർവഹണ സംവിധാനം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ/അർബൻ) വകുപ്പ്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
4. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
6. കരുതൽ ഫയൽ
7.ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/308/2022-തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Pradeesh M
Date: 28-04-2023 17:10:24